E 4134 (Pages : 3) Reg. No.....................................

Name.....................................

## B.Sc. (MODEL II) DEGREE (C.B.C.S.S.) EXAMINATION, NOVEMBER 2016

### First Semester

Additional Language—Malayalam

### കഥ, കവിത

(2013 Admission onwards)

Time : Three Hours Maximum Marks : 80

### എ വിഭാഗം

**ഒന്നു മുതൽ പത്തു വരെ** ചോദ്യങ്ങൾക്ക് ഒരു വാക്കിലോ, വാക്യത്തിലോ ഉത്തരമെഴുതുക.

1. തിരികെ യാത്ര ആരുടെ കവിതയാണ് ?
2. 2015-ൽ വയലാർ പുരസ്കാരം നേടിയ എഴുത്തുകാരൻ.
3. ഉറൂബിന്റെ യഥാർത്ഥ നാമം.
4. ഓണപ്പാട്ടുകാർ ആരുടെ കവിതയാണ് ?
5. എസ്. കെ. പൊറ്റക്കാടിന് ജ്ഞാനപീഠ പുരസ്കാരം ലഭിച്ച കൃതി.
6. ഭ്രാന്ത് ആരുടെ കഥയാണ് ?
7. കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച സച്ചിദാനന്ദന്റെ കൃതി ഏത് ?
8. "മതിലുകൾക്കക്കരെ പുഴ കരഞ്ഞീടുന്നു

   വരിക ഭഗീരഥാ വീണ്ടും"

   —ആരുടെ വരികൾ ?
9. "പറയാത്ത പ്രിയവാക്ക്

   കെട്ടിക്കിടന്നെന്റെ

   നാവു കയ്ക്കുന്നു"

   —ആരുടെ വരികൾ ?
10. ശ്രീ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന കവി.

(10 × 1 = 10)

### ബി വിഭാഗം

അരപ്പുറത്തിൽ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. ഒറ്റയ്ക്ക് പ്രദർശനം കാണാൻ പോകുന്നതിലെ രസമില്ലായ്മകളെക്കുറിച്ച് രുദ്രമ്മ പറഞ്ഞതെന്തെല്ലാം ?
12. "സൗപർണ്ണികയിലെ കല്ലുകൾ പെറുക്കരുത് "—കാരണമെഴുതുക.

Turn over

13. "അടക്കാൻ വയ്യാത്ത അമർഷത്തോടെയാണ് ഞാൻ പുതിയ പാർപ്പിടത്തിന്റെ കോലായിലേക്ക് കയറിയത്"—കാരണമെന്ത് ?

14. "അവളുടെ മുഖം കണ്ട് ആനന്ദിച്ച ഞാൻ ഉടൻ കണ്ണു മയപ്പെട്ടു"—വിശദമാക്കുക.

15. 'ഭ്രാന്ത്' എന്ന കഥയിൽ ഭർത്താവ് സൈക്ക്യാട്രിസ്റ്റിനോട് ആവശ്യപ്പെട്ടതെന്താണ് ?

16. ചിന്നു അമ്മായി—പരിചയപ്പെടുത്തുക.

17. "ഇനിവരും നൂറ്റാണ്ടിലൊരു പുസ്തകത്താളിൽ
പുഴയെന്ന പേരെന്റെ ചരിത്രപാഠം"
—വിശദമാക്കുക.

18. 'അന്യാധീനം' എന്ന കവിതയുടെ പ്രമേയമെന്ത് ?

19. "അശോകത്തിൻ കീഴിൽ ചില്ലക്ഷരങ്ങളിൽ
ശോകം നിന്നു പുകയുന്നു"
—വിശദീകരിക്കുക.

20. "എന്റെ ചിന്തകളിലും സ്വപ്നങ്ങളിലും എല്ലാം ആ നിശാഗന്ധിയുടെ സുഗന്ധം ഒട്ടിപ്പിടിക്കുന്നതു പോലെ തോന്നി"—കാരണമെന്ത് ?

21. ബി. മുരളിയുടെ പ്രധാന കഥാസമാഹാരങ്ങളെ പരിചയപ്പെടുത്തുക.

22. "തോഴ—നിൻ ചരിത്രവും സാഹചര്യവും ഭിന്നം"—കാരണമെന്ത് ?

(8 × 2 = 16)

## സി വിഭാഗം

ഒരു പുറത്തിൽ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23. 'വിണ്ട കാലടികൾ' എന്ന കവിതയുടെ പ്രാധാന്യമെന്ത് ?

24. 'ചെടിച്ചട്ടിയും ചെരുപ്പുകളും എന്ന കഥയിലെ പ്രമേയം വിശദമാക്കുക.

25. 'എന്റെ സുഖങ്ങളും സ്വപ്നങ്ങളും എല്ലാം നിക്ഷേപിച്ചിരിക്കുന്നത് അവിടെയാണ്'—അർത്ഥമാക്കുന്നതെന്ത് ?

26. 'പോകു ഭഗീരഥാ വിണ്ണിൽ'—കവിയുടെ വിലാപത്തിനു കാരണമെന്ത് ?

27. "ജലാപനം-
കഴിക്കുന്നില്ലെഴുത്തച്ഛൻ
ഉറങ്ങുന്നില്ലെഴുത്തച്ഛൻ
ഉണരുന്നില്ലെഴുത്തച്ഛൻ"
—കാരണമെന്ത് ?

28. വി.എം. ഗിരിജയുടെ കവിതകളുടെ പ്രത്യേകതയെന്ത് ?

29. "എനിക്കീ നിറങ്ങളിൽ
കുപ്പായം വാങ്ങിക്കേണം
എടുത്തു വെയ്ക്കാം, നാളെ
മകളും കൂടെ പ്പോരാം"

—സന്ദർഭം വിശദമാക്കുക.

30. 'എത്ര യാദൃശ്ചികം' എന്ന കവിതയെ വിലയിരുത്തുക.

31. എത്ര യാദൃശ്ചികം എന്ന കവിതയിൽ കവിയ്ക്ക് യാദൃശ്ചികമായി തോന്നുന്നതെന്ത് ?

(6 × 4 = 24)

## ഡി വിഭാഗം

നാലു പുറത്തിൽ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. ഉറൂബ്, എസ്. കെ. പൊറ്റക്കാട് എന്നിവരുടെ രചനാപരമായ പ്രത്യേകതകൾ പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

അല്ലെങ്കിൽ

33. സച്ചിദാനന്ദൻ, കെ.ജി. ശങ്കരപ്പിള്ള എന്നിവരുടെ ആഖ്യാനരീതികൾ പാഠഭാഗത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

34. സ്ത്രീപക്ഷ കവിതാ രീതികൾ സുഗതകുമാരി, വി.എം. ഗിരിജ എന്നിവരുടെ കവിതകളെ ആസ്പദമാക്കി വിലയിരുത്തുക.

അല്ലെങ്കിൽ

35. ആധുനികാനന്തര കഥകളുടെ പ്രത്യേകതകൾ പഠന വിധേയമാക്കുക.

(2 × 15 = 30)